**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. രാജ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വനാവകാശ നിയമം സംസ്ഥാനത്ത് എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **വനാവകാശ നിയമം 2006 നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 680 ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികളും കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിൽ സബ് ഡിവിഷണൽ ലെവൽ കമ്മിറ്റികളും (SDLC), ഡിസ്ട്രിക്റ്റ് ലെവൽ കമ്മിറ്റികളും (DLC) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (SLMC)യും രൂപീകരിച്ചിട്ടുണ്ട്.**<br><br>**വനാവകാശ നിയമം 2006 പ്രകാരം ഇതുവരെ 29,027 പേർക്ക് ആകെ 38,819.22 ഏക്കർ ഭൂമിയുള്ള വ്യക്തിഗത അവകാശങ്ങളും, 258 സാമൂഹിക വനാവകാശങ്ങളും, 537 വികസന അവകാശങ്ങളും വിതരണം ചെയ്തിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2731 പേർക്ക് 3937.62 ഏക്കർ ഭൂമിക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിക്കായി 2 പതിറ്റാണ്ടായി നടത്തിവന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമപ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. കൂടാതെ പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 20 മലപണ്ടാര കുടുംബങ്ങൾക്ക് 1** |

| | | | |
|---|---|---|---|
| | | | **ഏക്കർ വീതം ഭൂമിയ്ക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത നിയമപ്രകാരം വ്യക്തിഗത-സാമൂഹിക-വികസന അവകാശങ്ങൾ പട്ടികവർഗ്ഗ ജനവിഭാഗത്തിന് എത്രത്തോളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന അറിയിക്കുമോ; | (ബി) | **വനാവകാശ നിയമം 2006 നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 680 ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികളും കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിൽ സബ് ഡിവിഷണൽ ലെവൽ കമ്മിറ്റികളും (SDLC), ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റികളും (DLC) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (SLMC)യും രൂപീകരിച്ചിട്ടുണ്ട്.**<br><br>**വനാവകാശ നിയമം 2006 പ്രകാരം ഇതുവരെ 29,027 പേർക്ക് ആകെ 38,819.22 ഏക്കർ ഭൂമിയുള്ള വ്യക്തിഗത അവകാശങ്ങളും, 258 സാമൂഹിക വനാവകാശങ്ങളും, 537 വികസന അവകാശങ്ങളും വിതരണം ചെയ്തിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2731 പേർക്ക് 3937.62 ഏക്കർ ഭൂമിക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിക്കായി 2 പതിറ്റാണ്ടായി നടത്തിവന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമപ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. കൂടാതെ പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 20 മലപണ്ടാര കുടുംബങ്ങൾക്ക് 1 ഏക്കർ വീതം ഭൂമിയ്ക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ നൽകുകയും ചെയ്തിട്ടുണ്ട്.** |
| (സി) | പ്രസ്തുത ജനവിഭാഗത്തിന് ലഭ്യമാക്കിയ വ്യക്തിഗതാവകാശ ഭൂമിയിൽ അവരുടെ ജീവസന്ധാരണത്തിനായി പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **ഉണ്ട്. വനാവകാശ നിയമം, 2006 പ്രകാരം 2005 ഡിസംബർ 13-നോ അതിനു മുൻപോ കൈവശമുണ്ടായിരുന്ന വനഭൂമിയാണ് ഈ നിയമപ്രകാരം ലഭിക്കുക. വനാവകാശ നിയമപ്രകാരം രേഖകൾ ലഭ്യമാകുന്നതിന് മുമ്പ് മുതൽ തന്നെ പ്രസ്തുത ഭൂമിയിൽ അവരുടെ ജീവസന്ധാരണത്തിനും വികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും മറ്റ് വകുപ്പുകൾ മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷി അനുബന്ധ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകി വരുന്നു.** |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നടപടിക്കായി സബ് പ്ലാൻ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | **ഉണ്ട്. ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തിയ പട്ടികവർഗ്ഗക്കാർക്കുള്ള വരുമാനദായക കാർഷിക ഉദ്യമം, കേരള ട്രൈബൽ പ്ലസ്, അടിയ പണിയ പാക്കേജ്, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് തുടങ്ങിയവയിലൂടെ വനാവകാശ കൈവശാവകാശരേഖ ലഭിച്ചവരുടെ ഭൂമിയിൽ ജീവസന്ധാരണത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.** |

സെക്ഷൻ ഓഫീസർ